File No.FWLD-A2/85/2018-FWLD

9014
29/12/18

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

അഗളി റെയിഞ്ചിലെ ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ നടന്ന അനധികൃത മരംമുറി - ശ്രീ.എം.ഉണ്ണികൃഷ്ണൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് എതിരെയുള്ള അച്ചടക്ക നടപടി – പുനഃപരിശോധനാ ഹർജി തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt)No.513/2018/F&WLD തീയതി,തിരുവനന്തപുരം, 18/12/2018

---

പരാമർശം:- 1 11.01.2007-ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററി (ഭരണം) ന്റെ ബി7-9378/04 നമ്പർ ഉത്തരവ്.

2 03.09.2013-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററി (ഡി & പി)-ന്റെ ബി7-9378/04 നമ്പർ ഉത്തരവ്.

3 02.05.2017-ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി7-9378/04 നമ്പർ ഉത്തരവ്.

4 ശ്രീ.എം.ഉണ്ണികൃഷ്ണൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ 19.07.2017-ൽ സമർപ്പിച്ച പുനഃപരിശോധനാ ഹർജി.

5 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ 23.03.2018-ലെ ബി7-9378/2004 നമ്പർ കത്ത്

<u>ഉത്തരവ്</u>

അഗളി റെയിഞ്ചിലെ ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ സർവ്വേ നമ്പർ 1732-ൽപ്പെട്ട നിക്ഷിപ്ത വനഭൂമിയിൽ നിന്നും അനധികൃതമായി മരങ്ങൾ മുറിച്ച് നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ശ്രീ.എം.ഉണ്ണികൃഷ്ണൻ, ഫോറസ്റ്റ് ഗാർഡ് ഉൾപ്പെടെ 6 പേർക്ക് ചുവടെ ചേർക്കുന്ന കുറ്റങ്ങൾക്ക് ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

1. സർക്കാർ നിക്ഷിപ്ത വനഭൂമിയിൽ നിന്നും അനധികൃത മരംമുറി തടയുന്നതിൽ പരാജയപ്പെട്ടു.

2. സ്വകാര്യ വ്യക്തിയുടെ സ്ഥലത്തു നിന്നാണെന്ന വ്യാജേന സർക്കാർ നിക്ഷിപ്ത വനഭൂമിയിൽ നിന്നും മുറിച്ച മരങ്ങൾക്ക് കടത്ത് പാസ്സ് അനുവദിക്കുകയും, തദ്വാര സർക്കാരിലേയ്ക്ക് 2,16,157/- രൂപയുടെ നഷ്ടം വരുത്തുകയുമുണ്ടായി.

3. നിക്ഷിപ്ത വനഭൂമിയിൽ നിന്നും മരം മുറിച്ചതിന് കേസ്സെടുക്കാതെ കെ.പി.ടി. ആക്റ്റിന്റെ ലംഘനത്തിന് ഒ.ആർ. 15/01 ആയി കേസ് ബുക്ക് ചെയ്യാതെ മഹസ്സറിൽ വില കുറച്ച് കാണിച്ച് ഡിപ്പാർട്ടുമെന്റിനെ തെറ്റിദ്ധരിപ്പിച്ചു.

4. ഗുരുതരമായ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടും കേരള വനനിയമപ്രകാരം കേസ്സെടുക്കുന്നതിനു പകരം കെ.പി.ടി ആക്റ്റിന്റെ ലംഘനത്തിന് കേസ്സ് ബുക്കു ചെയ്ത് നിക്ഷിപ്ത വനഭൂമിയിൽ നിന്നും അനധികൃതമായി മുറിച്ച മരങ്ങൾക്കു മേൽ പ്രതികൾക്ക് ഉടമസ്ഥാവകാശം സ്ഥാപിക്കുവാൻ അവസരമൊരുക്കി.

5. താങ്കളുടെ മേൽ പ്രവൃത്തി ഗുരുതരമായ കൃത്യവിലോപം, വനം കൊള്ളയ്ക്ക് കൂട്ടു നിൽക്കൽ, മേലുദ്യോഗസ്ഥരെ തെറ്റദ്ധരിപ്പിക്കൽ എന്നിവയാണ്.

2)കുറ്റപത്രത്തിന് കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രികയും, കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയും, ബന്ധപ്പെട്ട രേഖകളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം കുറ്റാരോപിതരുടെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലപ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുന്നതിനും സർക്കാർ നഷ്ടമായ 2,16,157/- രൂപ ആനുപാതികമായി ഈടാക്കുന്നതിനും തീരുമാനിച്ച് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായിരുന്നു. തുടർന്ന് പുനരന്വേഷണം നടത്തുകയും കുറ്റകൃത്യം നടന്ന കാലയളവിൽ ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷനിൽ മൊത്തം 1 3 പേർ ഡ്യൂട്ടിയിലുണ്ടായിരുന്നുവെന്നും, അതിൽ, 12.04.2002-ന് ഡ്യൂട്ടിക്ക് ഹാജരായ ഫോറസ്റ്റർ ശ്രീ.പി.ശ്രീകുമാർ ഒഴികെ സ്റ്റേഷനിലെ മറ്റ് എല്ലാ ഉദ്യോഗസ്ഥരും മരം മുറിയ്ക്ക് ഉത്തരവാദികളാണെന്നും അന്വേഷണാധികാരി കണ്ടെത്തുകയുണ്ടായി.

3)ആയതിനാൽ ആനുപാതികനഷ്ടം പുനർനിർണയിച്ച് പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകി ശ്രീ.എം.ഉണ്ണികൃഷ്ണനിൽ നിന്ന് 30,158/- രൂപ സർക്കാർ

നഷ്ടവിഹിതം ഈടാക്കി പരാമർശം ( 2 ) പ്രകാരം അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ടിയാൻ ഡി & പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപ്പീൽ സമർപ്പിക്കുകയും പരാമർശം ( 3 ) പ്രകാരം അപ്പീൽ നിരസിക്കുകയും ചെയ്തു. ഇതിനെതിരെ ടിയാൻ പരാമർശം ( 4 ) പ്രകാരം പുനഃപരിശോധനാ ഹർജി സർക്കാരിൽ സമർപ്പിച്ചു.

4)ശ്രീ.എം.ഉണ്ണികൃഷ്ണൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച അപ്പീൽ പരാതി പരാമർശം (5) പ്രകാരമുള്ള റിപ്പോർട്ടിന്റെയും ടിയാനെ നേരിൽ കേട്ടപ്പോഴുള്ള വാദത്തിന്റെയും അടിസ്ഥാനത്തിൽ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾ സ് 1960-ന്റെ വെളിച്ചത്തിൽ സർക്കാർ വിശദമായി പരിശോധിച്ചതിൽ പരാമർശം (4) പ്രകാരമുള്ള ഹർജി പരിഗണനാർഹമല്ലെന്നു കണ്ട് ഇതിനാൽ നിരസിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VENU V
PRINCIPAL SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.എം.ഉണ്ണികൃഷ്ണൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid
ഉത്തരവിൻ പ്രകാരം
Digitally signed by BIJI K
Date: 2018.12.19 10:48:45 IST
Reason: Approved
സെക്ഷൻ ഓഫീസർ